# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: -KSA TSR(P2)978/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: -KSA TSR(P2)978/2022. തീയ്യതി: 02/07/2022

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-06-2021 മുതൽ 17-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മീര ടി , ഓഡിറ്റ് ഓഫിസർ

ശ്രീമതി. ഷൈനി കൃഷ്ണദാസ്.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രേഖ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. സ്വാലിഹ്. സി പി , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.കെ സതീശൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്ഹോക്ക് കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| ചിത്രവിനോബാജി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ജോൺ പി.ആർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മായാദേവി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| സീമ ടി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| രജീന വി.സി | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിജേഷ് വിജയൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ഉമ കെ ശങ്കർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.മിനി വി.ജി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.സലീൽ യു | മെഡിക്കൽ ഓഫീസർ,വെറ്റിനറി | 01-04-2020 | 31-03-2021 |
| അംബുജാക്ഷി ടി.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ലളിത വി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 27-11-2020 |
| ഷിമി ഇ ചന്ദ്രൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-11-2020 | 31-03-2021 |
| ജിഷ കെ.ജി | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2020 | 31-03-2021 |
| ടോണി ജോസഫ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Swalih C.P (Auditor, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Swalih C.P (Auditor, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Swalih C.P (Auditor, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-11 |
| 12 | വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-12 |
| 13 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-13 |
| 14 | വസ്തുനികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-14 |
| 15 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-15 |
| 16 | ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-16 |
| 17 | വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-17 |

| | | |
|---|---|---|
| 18 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-18 |
| 19 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-19 |
| 20 | എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-20 |
| 21 | എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-21 |
| 22 | ആസ്തി രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-22 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-23 |
| 24 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-24 |
| 25 | ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-25 |
| 26 | സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-26 |
| 27 | Contractors Retention – വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-27 |
| 28 | അഡ്വാൻസ് അനുവദിച്ചത്-വാർഷിക കണക്കും (RP-47) രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-28 |
| 29 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-29 |
| 30 | ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-30 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-31 |
| 32 | "Directly Credited By Bank" -ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022) | 1-32 |
| 33 | പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. | 1-33 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | |
| 34 | വായ്പ രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-34 |
| 35 | ബജറ്റ് - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-35 |
| 36 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-36 |
| 37 | വാണിജ്യ കെട്ടിടത്തിന് തെറ്റായ വസ്തു നികുതി നിർണയം നടത്തി<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-37 |
| 38 | വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-38 |
| 39 | കെട്ടിടങ്ങളുടെ ഇളവ് രേഖപ്പെടുത്തിയതിൽ അപാകത<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-39 |
| 40 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത.<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-40 |
| 41 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-41 |
| 42 | കെട്ടിടങ്ങളുടെ വിസ്തീർണം - വ്യത്യസ്ത റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നു.<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-42 |
| 43 | നികുതി പുനർ നിർണയം-നടപടികൾ വേഗത്തിലാക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-43 |
| 44 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-44 |
| 45 | റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-45 |
| 46 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ<br>Written By: Swalih C.P (Auditor, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-46 |
| 47 | ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-47 |
| 48 | തരിശ് പച്ചക്കറി കൃഷി പദ്ധതി- സബ്സിഡി വിഹിതം കൈമാറിയിട്ടില്ല<br>Written By: Rekha C (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-48 |
| 49 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Rekha C (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-49 |
| 50 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ<br>Written By: Rekha C (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-50 |
| 51 | തനത് ഫണ്ട് വൗച്ചർ പരിശോധന – ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-51 |
| 52 | കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-52 |

| | | |
|---|---|---|
| 53 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-53 |
| 54 | പാലിയേറ്റീവ് കെയർ - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-54 |
| 55 | താല്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-55 |
| 56 | പാതി വഴിയിൽഉപേക്ഷിച്ചപദ്ധതി -കോസ്റ്റ്ഫോർഡിൽ നിന്നും തുക തിരികെ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-56 |
| 57 | പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-57 |
| 58 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-58 |
| 59 | കെ എസ് ഇ ബി ഡെപ്പോസിറ്റ് - അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 23-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 1-59 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി അനുപൂരക പോഷകാഹാരം-അധികം തുക അനുവദിച്ചു<br>Written By: Rekha C (Asst. Audit Officer, On 28-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 28-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Meera T (Audit Officer, On 22-06-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Meera T (Audit Officer, On 03-07-2022) | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Meera T (Audit Officer, On 22-06-2022)<br>Last Updated By: Meera T (Audit Officer, On 03-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 23/03/2020 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 115292600 | 114936247 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തിയതി | 17/2/2021 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 99723500 | 110848960 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-6-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13391379.72 |
| വരവ് | 51276500 |
| ആകെ | 64667879.72 |
| ചെലവ് | 53974005 |
| നീക്കിയിരിപ്പ് | 10693874.72 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7255060 | 7255060 | 6951712 | 303348 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3873745 | 3873745 | 3265304 | 608441 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7782000 | 7782000 | 7142301 | 639699 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) BASIC | 0 | 6241316 | 6241316 | 3890287 | 2351029 |
| സെൻട്രൽ ഫിനാൻസ് | 0 | 3260000 | 3260000 | 1526398 | 1733602 |

| |
|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) TIED |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 163 | 62063251 | 120 | 37828039 | 31 | 12 | 73.61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 549875 | 549875 | 549875 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13998074 | 13998074 | 13998074 | 0 |
| ആകെ | 0 | 14547949 | 14547949 | 14547949 | 0 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 6480 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 3716900 | 243 |
| വിധവാ പെൻഷൻ | 11872400 | 766 |
| വാർദ്ധക്യകാല പെൻഷൻ | 17609200 | 1178 |
| വികലാംഗപെൻഷൻ | 3054200 | 200 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1686300 | 107 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2205/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവു ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ അനുബന്ധ രജിസ്റ്ററുകൾ / പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രാധാന്യമർഹിക്കുന്നു.

2. ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തിരജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതും,സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

3.ക്രിമിറ്റോറിയം ആധുനികവൽക്കരണം- കോസ്റ്റ് ഫോർഡിൽ നിന്നും തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12/05/2022 | 01/01/2022-31 /03/2022 | |
| അക്കൗണ്ടന്റ് ജനറൽ | 21/07/2016 | 2011-12 To 2015-16 | 31/08/2016 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-12 വസ്തു നികുതി റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1473130 | 1469096 | 6386 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1473130 | 1512882 | 6386 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ(തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1330667 | 1335955 | 2163 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1330667 | 1291599 | 2163 | 0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-14 വസ്തുനികുതി -റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 29068 | 26324 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25580 | 26427 | 0 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കുടിശ്ശിക നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5672 | 5372 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5377 | 5372 | 0 |
| | (2019 -20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-16 ലൈബ്രറി സെസ്സ്- വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 75810 | 1610 | 77420 | 75515 | 1358 | 76873 | 362 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 66925 | 301 | 67226 | 67138 | 274 | 67412 | 116 | | 0 | 0 | 0 |
| | ആകെ | | | 144646 | | | 144285 | 478 | | 0 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 144646 | | | 144285 | | | - | 145110 | 0 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt .Cess/levies. ലെഡ്ജർ ) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 144285 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല മറിച്ച് 145110രൂപയാണ്.

## 1-17 വസ്തുനികുതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ 124 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-19 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 174550 | 1.4.20 | 42000294 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 37,878.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (84,819.00) |
| 280100102-Prior Period Income - Profession Tax - Institutions/ Professionals/ Traders | (22,840.00) |
| 280200101-Prior Period Income-Rent From Building | 150,006.00 |
| 280200201-Prior Period Income - License Fees | (7,030.00) |
| 280800401-Prior Period - Interest And Finance Charge | (23.00) |
| 280800501-Prior Period - Programme Expenses | (120,000.00) |
| 280200401-Prior Period Income-Other Income | 26000 |
| 280800601-Prior Period - Revenue Grants & Contributions | (30,000.00) |
| 280800701-Prior Period - Miscellaneous Expenses | (412,563.00) |

## 1-21 എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ സൂക്ഷിപ്പ്

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2697505 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 962982 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-24 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21വർഷത്തെ Income And Expenditureപത്രിക പ്രകാരം 4256697 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-25 ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 10 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1 | 410710199- Movable Asset Others | 777270 |

1-26 സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

1-27 Contractors Retention – വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷ്ക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| വരവ് | 60838 | 94244 |
| ചെലവ് | 139996 | 163020 |

1-28 അഡ്വാൻസ് അനുവദിച്ചത്-വാർഷിക കണക്കും (RP-47) രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷ്ക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Advance To Implimenting Officers | 272795 | 253000 |
| Advance For Official Purpose | 521795 | 541590 |

1-29 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി ഉടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2608300 | 450650109 | ട്രഷറി സ്പെ. ടി എസ് ബി 794 | 1000000 |
| 2 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 188081 | | | |
| 3. | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 462632 | | | |
| 4 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 1026379 | | | |

### 1-30 ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450250201 | ട്രഷറി അക്കൗണ്ട് -കോവിഡ് | 35000 |
| 2 | 450410101 | SBI – Pension | 9890.48 |
| 3 | 450410104 | SBI – സാക്ഷരത | 2443 |

### 1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204- Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 84/21<br>അയനിക്കുളം കടിവെള്ളപദ്ധതിയ്ക്ക് ബോർവെൽ നിർമ്മാണം | 22000874 | 80500 | 412010101 | 460500204 Advance To Implementing Agencies-Deposit With Ground Water Dept. |
| 2 | 85/21<br>മൂന്ന് സെന്റ് കോളനി കുടിവെള്ളപദ്ധതി-ബോർവെൽ നിർമ്മാണം | 22000875/19.1.21 | 88350 | 412010101 | 460500204 Advance To Implementing Agencies-Deposit With Ground Water Dept. |
| 3 | 83/21<br>പുതുശ്ശേരി ലക്ഷംവീട് കുടിവെള്ളപദ്ധതിയിലേക്ക് ബോർവെൽ | 22001091 | 80024 | 410400101 | 460500204 Advance To Implementing Agencies-Deposit With Ground Water Dept. |
| 4 | 172/21<br>സി എം എൽ ആർ ആർപി റോഡ് നിർമ്മാണത്തിനായി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് | 22000946<br>22001073 | 328971<br>61332 | 252100201 | 460500202 Advance To Implementing Agencies-Deposit With Kerala Electricity Board |
| 5 | 101/21<br>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000223/10.5.20<br>22001097/16.3.21 | 70563<br>4939 | - | 460500202 Advance To Implementing Agencies-Deposit With Kerala Electricity Board |
| 6 | 93/21<br>സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ | 22000234/10.5.20 | 172381 | - | 460500202 Advance To Implementing Agencies-Deposit With Kerala Electricity Board |

### 1-32 "Directly Credited By Bank" -ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ 5894 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 25.9.20 | 2953 |
| 25.12.20 | 2941 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2020-21 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

### 1-33 പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന

ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയ എല്ലാ പദ്ധതികളുടെയും വിവരങ്ങൾ Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണുന്നില്ല. ഉദാ:- പ്രോജക്റ്റ് നം 100/21,36/21,121/21,120/21

## 1-34 വായ്പ രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2020-21ൽ വായ്പ ഇനത്തിലുള്ള തിരിച്ചടവ് 380470 രൂപയാണ് ആയത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

2019- 20 വാർഷിക കണക്ക് പ്രകാരം 3656470 (B-5) രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ Nil എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

വായ്പ രജിസ്റ്ററിൽ സംസ്ഥാന വിഹിതമായി 440000 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ഈ തുക B - 4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

## 1-35 ബജറ്റ് - അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | ശീർഷകം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501001 | Agriculture And Related Sectors - Paddy | 300000 | 3055738 |
| 2 | 2501002 | Agriculture And Related Sectors - Other Crops | 60000 | 517815 |
| 3 | 2501003 | Agricultural Development Programs | 0 | 277120 |
| 4 | 2501034 | Animal Husbandry -Calf | 0 | 187500 |
| 5 | 2501035 | Animal Husbandry -Poultry | 0 | 60000 |
| 6 | 2501041 | Animal Husbandry -Related Facility | 600000 | 1169200 |
| 7 | 2501052 | Inland -Pisciculture | 0 | 30000 |
| 8 | 2502001 | Soil And Water Conservation | 100000 | 378954 |
| 9 | 2503001 | Small Scale Industries And Micro Enterprises | 100000 | 100000+50000=150000 |
| 10 | 2511013 | Education-Related Activities | 200000 | 250000 |
| 11 | 2512002 | Public Health Programs | 650000 | 769027 |
| 12 | 2513004 | Electrification | 0 | 70563 |
| 13 | 2513011 | Special Programs For Scheduled Tribes | 0 | 137300 |
| 14 | 2516102 | Vocational Capacity Building - Institutional | 150000 | 174076 |

| | | | | |
|---|---|---|---|---|
| | | Development | | |
| 15 | 2521002 | Energy - Other Electrification Programs | 0 | 390303 |
| 16 | 2523001 | Public Buildings | 500000 | 1182778 |
| 17 | 2531004 | Supplementary Nutritional Programs Through Anganawadies | 0 | 450000 |
| 18 | 2531009 | Computerisation Of Panchayat | 60000 | 77408 |
| 19 | 253-Total | Decentralised Plan Programme - Projects Not Included In Sector Division | 105000 | 571635 (RP-18) |
| 20 | 2552007 | Maintenance Projects - Non Road Assets-Transferred Institutions - Ayurveda (Hospitals/Dispensaries) | 900000 | 217574+700000=917574 |
| 21 | 2552008 | Maintenance Projects - Non Road Assets-Transferred Institutions - Homeopathy (Hospitals/Dispensaries) | 70000 | 100000 |
| 22 | 2552016 | Maintenance Projects - Non Road Assets-Transferred Institutions - Others | 150000 | 1009320 |

ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിച്ചതിനു വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/22.6.2022) മറുപടി ലഭ്യമാക്കിയില്ല..കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-36 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020 ലെ മരണറിപ്പോർട്ട് രജിസ്റ്റർ നമ്പർ 20 മുതൽ 91 ( 2.4.2020 മുതൽ 30.12.2020 വരെയുള്ള തീയതികളിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തത് ) വരെയുള്ളവരുടെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ ഡി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | കുഞ്ഞുമോൾ | 21.10.2019 | 107200201085 | ആക്ടീവ് |
| 2 | മാധവി | 3.10.2020 | 107200200304 | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2020 ലെ മരണറിപ്പോർട്ട് രജിസ്റ്റർ നമ്പർ 20 മുതൽ 91 ( 2.4.2020 മുതൽ 30.12.2020 വരെയുള്ള തീയതികളിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തത് ) വരെയുള്ളവരുടെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | ദേവകി | 107200600536 | വിധവ പെൻഷൻ | 13.4.2020 | 25/2020<br>28.4.2020 | ആക്ടീവ് | 5/20 – 8/20<br>9/20 – 12/20<br>1/21 – 3/21<br>4/21 – 5/22 | 1300<br>1400<br>1500<br>1600 | 5200<br>5600<br>4500<br>22400 | 37700 |
| 2 | മോഹനൻ എം എ | 107200200370 | വാർദ്ധക്യകാല പെൻഷൻ | 8.7.2020 | 47/2020<br>7.8.2020 | ആക്ടീവ് | 8/20<br>9/20 – 12/20<br>1/21 – 2/21 | 1300<br>1400<br>1500 | 1300<br>5600<br>3000 | 9900 |
| 3 | മാധവൻ നായർ | 2220310130 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 9.7.2020 | 49/2020<br>10.8.2020 | സസ്പെൻഡ് | 8/20<br>9/20 | 1300<br>1400 | 1300<br>1400 | 2700 |
| 4 | അന്നമ്മ ദേവസ്സി | 2220266765 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 19.7.2020 | 51/2020<br>10.8.2020 | സസ്പെൻഡ് | 8/20<br>9/20 – 11/20 | 1300<br>1400 | 1300<br>4200 | 5500 |
| 5 | ചാക്കണ്ണി കെ എം | 2220266790 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 19.8.2020 | 57/2020<br>18.9.2020 | സസ്പെൻഡ് | 9/20 | 1400 | 1400 | 1400 |
| 6 | കുഞ്ഞുമണി | 107200200409 | വാർദ്ധക്യകാല പെൻഷൻ | 30.8.2020 | 63/2020<br>12.10.2020 | ആക്ടീവ് | 9/20 – 12/20<br>1/21 – 3/21<br>4/21 – 5/22 | 1400<br>1500<br>1600 | 5600<br>4500<br>22400 | 32500 |
| 7 | പ്രഭാകരൻ എ ആർ | 2220266755 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 17.9.2020 | 67/2020<br>19.10.2020 | ആക്ടീവ് | 10/20 – 11/20 | 1400 | 2800 | 2800 |
| 8 | ശാന്ത | 102120600015 | വിധവ പെൻഷൻ | 4.10.2020 | 69/2020<br>22.10.2020 | ആക്ടീവ് | 11/20 – 12/20<br>1/21 – 3/21<br>4/21 – 4/22 | 1400<br>1500<br>1600 | 2800<br>4500<br>20800 | 28100 |
| 9 | കുഞ്ഞുമോൾ വേലായി | 107200100099 | കർഷകതൊഴിലാളി പെൻഷൻ | 15.11.2020 | 83/2020<br>8.12.2020 | സസ്പെൻഡ് | 12/20<br>1/21 – 3/21<br>4/21 – 5/22 | 1400<br>1500<br>1600 | 1400<br>4500<br>22400 | 28300 |
| 10 | മൊയ്തുണ്ണി ടി എച്ച് | 2220266880 | കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 4.12.2020 | 88/2020<br>30.12.2020 | ആക്ടീവ് | 1/21 – 2/21 | 1500 | 3000 | 3000 |
| | | | | | | | | | | ആകെ : 151900 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/ 22.6.2022) നൽകിയ മറുപടിയിൽ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തവരെ ഒഴിവാക്കുന്നതാണെന്നും അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളോടൊപ്പം ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതുമാണ്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ അനർഹമായി നൽകിയ 151900 /- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-37 വാണിജ്യ കെട്ടിടത്തിന് തെറ്റായ വസ്തു നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 200 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 80/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള വാണിജ്യകെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/-രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 3/ 64 | സൈനബ ,രായംമരക്കാർ വീട്ടിൽ | ഷോപ്പുകൾ | 430.1 $M^2$ |

| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
|---|---|---|
| അടിസ്ഥാന വസ്തു നികുതി നിരക്ക്( ച .മീ) രൂപ | 30 | 80 |
| അടിസ്ഥാന വസ്തു നികുതി രൂപ | 12903 | 34408 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | |
| (എ .) മേഖല (തുക) | ഇല്ല | ഇല്ല |
| (ബി. ) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല |
| (സി. ) മേൽക്കൂര (തുക) | ഇല്ല | ഇല്ല |
| (ഡി. ) കാലപ്പഴക്കം (തുക) | 1290.3 | 3440.8 |
| (ഇ. ) ആകെ ഇളവ്(%) | 10 % | 10 % |
| (എഫ്. ) ആകെ ഇളവ്(തുക) | 1290.3 | 3440.8 |
| ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | 709.664 | 1892.44 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ | | |
| (എ .) വഴി സൗകര്യം (തുക) | 2580.6 | 6881.6 |
| (ബി. ) തറ നിർമിതി (തുക) | ഇല്ല | ഇല്ല |
| (സി. ) എയർ കണ്ടിഷനിംഗ് (തുക) | ഇല്ല | ഇല്ല |

| | | |
|---|---|---|
| (ഡി. ) ആകെ വർദ്ധനവ് (%) | 20 % | 20 % |
| (ഇ. ) ആകെ വർദ്ധനവ് (തുക) | 2580.6 | 6881.6 |
| | വാർഷിക തുക | വാർഷിക തുക |
| വസ്തു നികുതി (തുക) | 13484 | 35957 |
| ലൈബ്രറി സെസ്സ് (തുക) | 675 | 1798 |
| സർവ്വീസ് ചാർജ്ജ് (തുക) | 3371 | 8990 |
| ആകെ (തുക) | 17530 | 46745 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/22.6.2022)മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 വസ്തു നികുതി-മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/22.6.2022) മറുപടി ലഭ്യമാക്കിയില്ല.

ബി) ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല.
ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/ 307 | വിനോദ്, വെളുത്തേടത്തു | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 308 | ജാനകിയമ്മ, ചെറിയേടത്തു | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 2 | 1/ 295 | ശങ്കരനാരായണൻ, കാഞ്ഞുള്ളി | ചൊവ്വന്നൂർ കല്ലഴികുന്നു റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 296 | വേണുഗോപാല മേനോൻ , പറങ്ങോടത്തു | ചൊവ്വന്നൂർ കല്ലഴികുന്നു റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 3 | 1/ 292 | ഉഷ ശോഭനൻ, തലക്കാട്ട് വീട് | ചൊവ്വന്നൂർ കല്ലഴികുന്നു റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 293 | വേണുഗോപാലൻ, വട്ടകംപുള്ളി | ചൊവ്വന്നൂർ കല്ലഴികുന്നു റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 4 | 1/ 282 A | ജെയിംസ്, ചെമ്മണ്ണൂർ | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 282 B | ജെയിംസ്, ചെമ്മണ്ണൂർ | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |

| | | | | | |
|---|---|---|---|---|---|
| 5 | 1/ 272 | ഷാജു, പട്ടയത്തു | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 272 A | പ്രിയ,പാമ്പുങ്കൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 6 | 1/ 270 | അബ്രഹാം കുഞ്ഞു , ചെറുവത്തൂർ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 270 A | ശാന്ത, തണ്ടേങ്കാട്ടിൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 7 | 1/ 251 | നാരായണൻ, മാമ്പറ്റ വീട് | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 252 | സരോജിനി, പാണയാട്ടിൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 8 | 1/ 247 | സജന, വലിയ വളപ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 248 | രജനി, കട്ടംകുളങ്ങര | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 9 | 1/ 227 | ഷീല , ചക്കാമഠത്തിൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 227 A | സിന്ധു, കളത്തൊട്ടിൽ | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 10 | 1/ 209 | ബാലകൃഷ്ണൻ, കട്ടംകുളങ്ങര | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 210 | ജയന്തി, കട്ടംകുളങ്ങര | ചൊവ്വന്നൂർ കല്ലഴികുന്ന അകത്തിയൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 11 | 1/ 189 | കേശവ കുറുപ്പ് , കൊത്താനത് കാവിൽ | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 189 A | ഷേർളി & ആന്റണി, തെക്കേക്കര | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 12 | 1/ 177 | മനോജ് കുമാർ, കട്ടഞ്ചേരി | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 177 A | മണികണ്ഠൻ, പടിഞ്ഞാറേപ്പുരയിൽ | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 13 | 1/ 176 | വിജയൻ, കൊട്ടാരപ്പാട്ട് | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 176 A | രുഗ്മിണി മുതൽപ്പേർ, കൊട്ടാരപ്പാട്ട് | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 14 | 1/ 172 | കൃഷ്ണൻ കുട്ടി, മരാശാരി | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 172 A | പുഷ്പാക്കരൻ, തെക്കൂട്ട് | സഭാമഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 15 | 1/ 158 | ചന്ദ്രൻ, കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 159 | സരോജിനി, കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 16 | 1/ 156 | സുഗതൻ കെ വി , കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 157 | രവി, കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 17 | 1/ 154 | മോഹനൻ, കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 155 | കുഞ്ഞാപ്പ, കരിപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 18 | 1/ 101 | രാജൻ, മാട്ടത്തിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 102 | ചങ്ങൻ, മുത്താളി | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 19 | 1/ 98 | കോത, പാപ്പരുപ്പറമ്പിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 99 | വിജയൻ,എടമന | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 20 | 1/ 88 | കൊച്ചമ്മു, ചൊവ്വന്നൂർ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| | 1/ 89 | വിജയൻ, കല്ലായിൽ | ചൊവ്വന്നൂർ കല്ലഴികുന്ന റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 21 | 1/ 75 | ബിനീഷ്,<br>കാരയിൽ വീട് | മൂന്ന സെന്റ് കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 76 | ബാബു,<br>ചാമക്കാലനാടിയിൽ | മൂന്ന സെന്റ് കോളനി റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 22 | 1/ 25 | പ്രേമ ,<br>കോലടിപണിയിൽ | അകത്തിയൂർ പാറേമ്പാടം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 1/ 26 | കാളി ,<br>കോലടിപണിയിൽ | അകത്തിയൂർ പാറേമ്പാടം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 23 | 1/ 11 | സൈമൺ,<br>മേക്കാട്ടുകളം | അകത്തിയൂർ പാറേമ്പാടം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | 1/ 12 | ബിനോയ്,<br>മേക്കാട്ടുകളം | അകത്തിയൂർ പാറേമ്പാടം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

ഇതു സസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13 /22.6.2022) മറുപടി ലഭ്യമാക്കിയില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 കെട്ടിടങ്ങളുടെ ഇളവ് രേഖപ്പെടുത്തിയതിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ അസസ്സെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ വാസഗൃഹങ്ങൾക്ക് തെറ്റായ നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയയിലെ ഇളവ് |
|---|---|---|---|---|
| 1 | 12/193 | ചന്ദ്രൻ,<br>കോതോട്ട് | പാർപ്പിടം | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാല (സെ. 207 (1 (ഇ) ) |
| 2 | 12/291 | | പാർപ്പിടം | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാല (സെ. 207 (1 (ഇ) ) |
| 3 | 12/350 | ദേവയാനി,ആശാരി | പാർപ്പിടം | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാല (സെ. 207 (1 (ഇ) ) |
| 4 | 9/346 | മാധവൻ,എടവന | പാർപ്പിടം | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാല (സെ. 207 (1 (ഇ) ) |
| 5 | 16/690 | ലിന്റോ,ലിജോ,മേക്കാട്ടുകളം | പാർപ്പിടം | പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാല (സെ. 207 (1 (ഇ) ) |

ഇതു സസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/ 22.6.2022) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-40 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന ഓഫീസാവശ്യത്തിനുള്ള കെട്ടിടത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെയുള്ള ഇളവ് തുക |
|---|---|---|---|---|
| 3/117 | ബേബി , പുലിക്കോട്ടിൽ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10 $M^2$ | 1760 /- |

സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ ഫയൽ ട്രാൻസാക്ഷൻ ഹിസ്റ്ററി പരിശോധിച്ചതിൽ നിന്ന് 2018-19 സാമ്പത്തിക വർഷത്തിൽ 36/19( 15/01/2019 ) എന്ന നമ്പർ ഫയൽ മുഖേനയാണ് പ്രസ്തുത കെട്ടിടത്തിന്റെ നികുതി വാണിജ്യ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി പുനർനിർണയിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്.എന്നാൽ ആയതിനു ശേഷവും പ്രസ്തുത കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും നൽകുന്ന ഇളവ് നൽകിയിട്ടുണ്ട്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/ 22.6.2022) മറുപടി ലഭ്യമാക്കിയില്ല.മേൽ കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പഞ്ചായത്തിൽ 60 ച:മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്കും അനധികൃത കെട്ടിടങ്ങൾക്കും നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമ | വിസ്തീർണം (ച:മീ) | നാളിതു വരെ ഒഴിവാക്കിയ നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2/154 | ശേഖരൻ ,തെക്കൂട്ട് | 60.65 | 538 | 60 ച:മീ കൂടുതൽ വിസ്തീർണം |
| 2 | 10/28 | ഉണ്ണി, കുറുനെല്ലിപറമ്പിൽ വീട് | 63.36 | 2317 | 60 ച:മീ കൂടുതൽ വിസ്തീർണം |
| 3 | 3/279 A | ചന്ദ്രൻ ,ഞാലിൽ | 57.34 | 4896 | അനധികൃത കെട്ടിടം |

മേൽവിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/22.6.2022)മറുപടി ലഭ്യമാക്കിയില്ല.മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിച്ച് കടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 കെട്ടിടങ്ങളുടെ വിസ്തീർണം - വ്യത്യസ്ത റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ (ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പ്രകാരമുള്ള വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.(3,11,12 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ളത്)

| ക്രമ നം | കെട്ടിട നം | അസസ്മെന്റ് റിപ്പോർട്ട് പ്രകാരം കെട്ടിട വിസ്തീർണം (ച:മീ ) | കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15) പ്രകാരമുള്ള വിസ്തീർണം (ച:മീ ) |
|---|---|---|---|
| 1 | 3/30 A | 54.5 | 109 |
| 2 | 3/40 | 40.71 | 81.42 |

| | | | |
|---|---|---|---|
| 3 | 11/188 B | 48.56 | 97.12 |
| 4 | 12/118 | 171 | 321 |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/22.6.2022)മറുപടി ലഭ്യമാക്കിയില്ല.ഐ.കെ.എം സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണത്തിലെ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 നികുതി പുനർ നിർണയം-നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 13 വാർഡുകളിലും നികുതി പുനർനിർണയം നടത്തേണ്ട കെട്ടിടങ്ങളെ കണ്ടെത്തി പുനർനിർണയം നടത്തി നികുതി വർധിപ്പിക്കാൻ വേണ്ടി 29.08.2019ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു. തുടർന്ന് 06.01.2020 തീയതിയിലെ യോഗത്തിൽ ഇതേ വിഷയം വീണ്ടും ചർച്ച ചെയ്ത് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനു ക്ലർക്കുമാരുടെ എണ്ണത്തിലുള്ള കുറവും തുടർന്ന് വന്ന കോവിഡ് മഹാമാരിയും മൂലം നികുതി പുനർനിർണയം നടത്താൻ സാധിച്ചിട്ടില്ല എന്നും കഴിയുന്നത്ര വേഗത്തിൽ ആയത് പൂർത്തീകരിക്കുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചതായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/22.6.2022)മറുപടി ലഭ്യമാക്കിയില്ല.നികുതി പുനർനിർണയം എത്രയും വേഗം പൂർത്തീകരിച്ച പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 1-44 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | കമലാക്ഷി, അറ്റൻഡർ ഗ്രേഡ് II | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി | രണ്ടാം അർദ്ധവർഷം | 135600 | 1250 | 1000 | 250 |
| 2 | സംഗീത എം | എസ് ബി ഐ | രണ്ടാം അർദ്ധവർഷം | 137791 | 1250 | 600 | 650 |
| | ആകെ | | | | | | 900 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/ 22.6.2022)ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 14/22.6.2022)

## 1-46 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 525 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 42 |
| 3 | 200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങള് | 13 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 7 |

| | | |
|---|---|---|
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ | 1 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 83 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 19 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 63 |
| 9 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 59 |
| | ആകെ | 812 |

ഗ്രാമപഞ്ചായത്തിൽ ആകെ 812 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2020-21 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 812 കെട്ടിടങ്ങളിൽ 224 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാത്തതിനാലും ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ 12 ആം വാർഡിൽ നിന്ന് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 20 മുതൽ 80 വരെയുള്ള നമ്പർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെ കാണുന്ന കെട്ടിടത്തിനു പാർപ്പിടാവശ്യം എന്ന് രേഖപ്പെടുത്തി ആയതിനനുസരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം/ ഉടമ | ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നമ്പർ |
|---|---|---|---|
| 1 | വിനു / ഫർണിച്ചർ ഷോപ് | 71 | 12/61 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/22.6.2022) ലഭ്യമാക്കിയ മറുപടിയിൽ പല കെട്ടിടങ്ങളും നിലവിൽ ഒഴിഞ്ഞു കിടക്കുകയാണെന്നും മറ്റു കെട്ടിടങ്ങളായ (റേഷൻ കടകൾ,പണമിടപാട് സ്ഥാപനങ്ങൾ,കല്യാണ മണ്ഡപങ്ങൾ ,സലൂണുകൾ) എന്നിവക്ക് ലൈസൻസ് അനുവദിക്കുന്നതിന് ചട്ട പ്രകാരം നിർവ്വാഹമില്ലാത്തതാണെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.കൂടാതെ മൂലധന വിവരം ലഭ്യമല്ലാത്ത അപേക്ഷകളിൽ പ്രസ്തുത വിവരം ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 27 % കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 73 % കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനും, സുരക്ഷിതത്വത്തിന് വെല്ലുവിളികൾ ഉയർത്തുന്നതിനും സാധ്യതയേറെയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233 എന്നീ വകുപ്പുകൾ പ്രകാരം ചട്ടത്തിൽ പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം യാതൊരു കാര്യത്തിലും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഫീൽഡ് പരിശോധന ശക്തമാക്കി അനധികൃതമായി പ്രവർത്തിച്ചു വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും (പഞ്ചായത്തിന്റെ മറുപടിയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഉൾപ്പടെ) ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.കൂടാതെ ക്രമ നമ്പർ 3ൽ പരാമർശിച്ചിട്ടുള്ളതു പോലെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഫീൽഡ് പരിശോധന നടത്തുകയോ അല്ലെങ്കിൽ പഞ്ചായത്ത് രാജ് നിയമം 205 ബി പ്രകാരം നോട്ടീസ് നൽകിയോ അനധികൃതമായി പ്രവൃത്തിക്കുന്നവക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമായിരിക്കേണ്ടതായുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യൂപൻസി ഉറപ്പാക്കേണ്ടതുമാണ്.

## 1-47 ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ താഴെ ചേർക്കുന്നു

1)പദ്ധതി-S0045/21-അങ്കണവാടി അനുപൂരക പോഷകാഹാരം

അടങ്കൽ- 2000000

ചെലവ്- 1748134

പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി അമൃതം ഫുഡ് സപ്ലിമെന്റ് ,സി എഫ് സി തോളൂർയൂണിറ്റിന്റെ ബിൽ നം. 1378/06.02.21 പ്രകാരം THRS ന കിലോഗ്രാമിന് 70 രൂപക്ക് പകരം 80 രൂപ അനുവദിച്ചതിനാൽ (വൗച്ചർ നം.22001111/30.03.21-സെൻട്രൽ ഷെയർ )ഈ ഇനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിതരണം ചെയ്ത THRS ന്റെ അളവ് - 672കി.ഗ്രാം

അനുവദിക്കാവുന്ന തുക - ( 672*70)+ 672(transportation-Rs.1/KG)

+2386(CGST,SGST-2.5%)=50098

അനുവദിച്ച തുക – 57152 രൂപ

അധികം അനുവദിച്ച തുക 7054രൂപ തിരിക ഈടാക്കേണ്ടതാണ്.

2)S0088/21- വൃദ്ധർക്ക് കട്ടിൽ

അടങ്കൽ- 261000

ചെലവ്- 258000 (വൗച്ചർ നം. 22000691/9.11.20)

പദ്ധതിയുടെ ഭാഗമായി 60 ഗുണഭോക്താക്കൾക്ക് കട്ടിൽ (വില -4300 രൂപ)വിതരണം ചെയ്തു. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം പഞ്ചായത്തിൽ വ്യത്യാസമുണ്ട് . ടി ഗുണഭോക്താക്കൾക്ക് പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്നുറപ്പു വരുത്തിയതിനോടനുബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കുന്നതു വരെ ഇവർക്ക് വേണ്ടിയുള്ള 4300*4 =17200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ഗുണഭോക്താവ് | റേഷൻ കാർഡ് പ്രകാരം തദ്ദേശസ്ഥാപനം | റേഷൻ കാർഡ് പ്രകാരം വീട്ടു നമ്പർ |
|---|---|---|
| പി.ടി തമ്പി | കുന്നംകുളം നഗരസഭ | 09/80 |
| അമ്മിണി മണി | ചൂണ്ടൽ ഗ്രാമപഞ്ചായത്ത് | 08/109 |
| ലീല തോമസ് | കുന്നംകുളം നഗരസഭ | 16/400 |
| സികെ മീനാക്ഷി | കുന്നംകുളം നഗരസഭ | 12/54 |

(ഓഡിറ്റ് എൻക്വയറി നം.1/20.06.22)

## 1-48 തരിശ് പച്ചക്കറി കൃഷി പദ്ധതി- സബ്സിഡി വിഹിതം കൈമാറിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

പദ്ധതി-S0148/21

അടങ്കൽ-40000

ചെലവ് -40000( വൗച്ചർ നം.22001141/26.03.21-10000 വി.ഫ ജനറൽ

22001157/30.03.21-10000 ബ്ലോക്ക് വിഹിതം

22001143/27.03.21-20000 ജില്ലാ പഞ്ചായത്ത് വിഹിതം)

മേൽ ബില്ലുകൾ പ്രകാരം ടോളി ജോഷി എന്ന ഗുണഭോക്താവിന് തരിശ് പച്ചക്കറി കൃഷിയുടെ ചെലവുകൾ വകയിൽ യഥാക്രമം 400,400,800 എന്നിങ്ങനെ 1600 രൂപ സബ്സിഡി നൽകിയിട്ടുണ്ട് .എന്നാൽ അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്ക് (നം.67306327592 എസ് ബി ഐ) അല്ല ,പകരം 853028931823 എസ് ബി ഐ എന്ന അക്കൗണ്ടിലേക്ക് സബ്സിഡി തുക മാറി നൽകിയതായി കാണുന്നു . യുടിആർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇതേ നമ്പർ നമ്പർ തന്നെ ആധാർ/ ടാൻ നമ്പർ ആയും രേഖപ്പെടുത്തി കാണുന്നു . യുടിആർ നമ്പർ ലഭിച്ചിട്ടുമുണ്ട്(ഉദാ.U000000856468870-400 രൂപ വി.ഫ) . ഗുണഭോക്താവിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടില്ലെന്ന് വ്യക്തമാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള (നം.1/20.06.22)മറുപടിയിൽ ഇത്തരത്തിൽ അക്കൗണ്ടിലേക്ക് പോകാത്ത തുകകൾ ഗവ.അക്കൗണ്ടിലേക്കോ ,ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിലേക്കോ പോയിരിക്കാമെന്നും ടി തുക ലഭ്യമാക്കുവാൻ ട്രഷറി ഓഫീസർക്ക് EPOF ക്ലിയറൻസ് എന്ന ഒപ്ഷൻ സർക്കാർ അനുവദിക്കുന്ന സമയങ്ങളിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നുമാണ് ട്രഷറിയിൽ നിന്നും അറിയാൻ സാധിച്ചത് എന്നു പറയുന്നു . ഗുണഭോക്താവിന് പരാതി ഇല്ലെന്ന് എഴുതി നൽകിയിട്ടുണ്ട് .എന്നിരുന്നാലും സബസിഡി അർഹതപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് മാറി നൽകപ്പെടുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം ഉറപ്പാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-49 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി- S0070/21

അടങ്കൽ -187500 (വി ഫ ജനറൽ )

ചെലവ് - 187500(വൗച്ചർ നം. 22000966/29.1.21)

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 187500 രൂപ മേൽ വൗച്ചർ പ്രകാരം സ്പെഷൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ്ങ് ഓഫീസിലേക്ക് കൈമാറിയിട്ടുണ്ട് . നിലവിൽ പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണം പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.3/21.06.22)

## 1-50 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ

1)S0049/21- ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി ജനറൽ

അടങ്കൽ-4200000

ചെലവ് -1620000

ലൈഫ് പദ്ധതി ജനറൽ ഗുണഭോക്താവായ ഭവാനി അയ്യംപറമ്പ് എന്നവർ 27.02.21ന ആദ്യഗഡു (അഡ്വാൻസ്) 40000രൂപ (വൗച്ചർ നം. 22001069/26.02.21 വി.ഫ ജനറൽ) കൈപ്പറ്റി.തുടർന്ന് നാളിതുവരെ ധനസഹായം കൈപ്പറ്റിയിട്ടില്ല. നാളിതുവരെ തറപ്പണി നടത്തിയിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയെന്നും (ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല) മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2) പദ്ധതി നം. S0135/21(വനിതാ തൊഴിൽ സംരംഭം എസ് സി വിഭാഗം ) , S0136/21(വനിതാ തൊഴിൽ സംരംഭം ജനറൽ ) ,S0059/21(വനിതാ തൊഴിൽ സംരംഭം എസ് സി വിഭാഗം ) എന്നീ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിവിധ ബാങ്കുകളിൽ നിന്നായി ലോൺ അനുവദിക്കുകയും , ലോണിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായി 50000 രൂപ അനുവദിക്കുകയും ചെയ്തു. ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്,തിരിച്ചടവ് എന്നിവ പരിശോധിക്കുന്നതിനായി താഴെ പറയുന്ന ഗുണഭോക്താക്കളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

| പദ്ധതി | ഗുണഭോക്താവ് | ലോൺ തുക |
|---|---|---|
| S0135/21 (വനിതാ തൊഴിൽ സംരംഭം എസ് സി വിഭാഗം ) | കാർത്യായനി | 76000 |
| | ശാന്ത അയ്യപ്പൻ | 90000 |
| S0136/21 (വനിതാ തൊഴിൽ സംരംഭം ജനറൽ ) | സൗമ്യ.കെ എസ് | 175000 |
| S0059/21 (വനിതാ തൊഴിൽ സംരംഭം എസ് സി വിഭാഗം ) | സന്ധ്യ മനക്കലാത്ത് | 70000 |

(ഓഡിറ്റ് എൻക്വയറി നം,7/22.06.22)

## 1-51 തനത് ഫണ്ട് വൗച്ചർ പരിശോധന – ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം - 22000190/9.6.20 തുക 47620

പഴുന്നാന എസ് സി കോളനി കുടിവെള്ള പദ്ധതിയ്ക്കായി 7.5 എച്ച് പി മോട്ടോർ വാങ്ങി സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് മേക്കാട്ടുകളം ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. മേൽ സ്ഥാപനത്തിന്റെ ക്വട്ടേഷൻ 12.5.20 ലെ 3(2) പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ക്വട്ടേഷൻ നടപടികളുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് എൻക്വയറി നൽകിയിരുന്നുവെങ്കിലും ( എൻക്വയറി നം - 17/22.6.22) രേഖകൾ ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 47620 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-52 കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല

വൗച്ചർ നം 22000391/13.8.20പ്രകാരം 20000രൂപ ഐ സി ഡി എസ് സൂപ്പർവൈസർക്കായി കണ്ടിജന്റ് ചെലവുകൾക്ക് അനുവദിച്ചിട്ടുണ്ട്. ആയത് ഐ സി ഡി എസ് സൂപ്പർവൈസറുടെ ട്രഷറി ടി എസ് ബി എക്കൗണ്ടിൽ 20.8.20 ന് വരവ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. അനുവദിച്ച തുക ചെവഴിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.( എൻക്വയറി നം - 8/22.6.22)

## 1-53 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം / വൗച്ചർ നം/തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/21 ഐ കെ എം വിഹിതം നൽകൽ | ഐ കെ എം | 22000685/30.10.20 | 44227 | |
| 2 | 13/21 കാൻ - തൃശ്ശൂർ | ജില്ല പഞ്ചായത്ത് | ജില്ല പഞ്ചായത്ത് | 50000 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി – 6/21.6.22)

## 1-54 പാലിയേറ്റീവ് കെയർ - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതി ( പദ്ധതി നം - 74/21)യിൽ മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം കെ എം എസ് സി എല്ലി ന് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

| പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | മരുന്ന് ലഭ്യമാകാനുള്ളത് |
|---|---|---|---|
| PRF 5253/9.2.21 | 22001105/28.3.21 | 200000 | 13210 |
| PRF 1257/26.6.20 | 22000413/28.3.21 | 150000 | 1533 |

മുഴുവൻ മരുന്നും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി – 10/22.6.22)

## 1-55 താല്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടില്ല

ഫയൽ നം.എ5/56/18)

ഗ്രാമപഞ്ചായത്തിലെ സുജീവനം പാർക്ക്കീപ്പർ,അറിവകം ലൈബ്രറി ലൈബ്രേറിയൻ, എന്നീ തസ്തികകളിൽ ഓരോ താല്കാലിക ജീവനക്കാരെ നിയമിച്ച് ,തനതു ഫണ്ടിൽ നിന്ന്പ്രതിമാസം 6000 രൂപ നിരക്കിൽവേതനം നൽകി വരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ1.11.2017 ലെ 3/3(1) തീരുമാന പ്രകാരം താൽക്കാലികമായി മേൽരണ്ട് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു. സർക്കാരിലേയ്ക്ക് . 12.10.2018 ന് കത്ത് നൽകിയതായും കാണുന്നു. (കത്ത് നം.എ5/56/18) എന്നാൽ നാളിതുവരെ സർക്കാർ അനുമതി ലഭ്യമായിക്കാണുന്നില്ല, 26.02.2016ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.28/2016/ധന. പ്രകാരം താല്കാലിക നിയമനങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദിവസവേതനം / താത്ക്കാലിക നിയമനങ്ങൾ 05.02.14 ലെ 'ലേബർ ആന്റ് റീഹാബിലിറ്റേഷൻ (ജി) ഡിപ്പാർട്ട്മെന്റ്' സർക്കുലർനം. 25941/G2/2013/LBR, പ്രകാരം പി.എസ്.സി.നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേയ്ക്കുമുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.ഈ വിഷയം19-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റ് വർഷത്തിലും മേൽ രണ്ട് താല്കാലികനിയമനങ്ങൾക്ക്സർക്കാർഅനുമതി ലഭ്യമായിട്ടില്ല.താല്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതി നേടേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം.20/22-6-22)

## 1-56 പാതി വഴിയിൽഉപേക്ഷിച്ചപദ്ധതി -കോസ്റ്റ്ഫോർഡിൽ നിന്നും തുക തിരികെ ലഭ്യമായിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു ശ്മശാനത്തിൽ ആധുനിക ക്രിമിറ്റോറിയം പണിയുന്നതിന് 97,90,000 രൂപ അടങ്കലായി 2017-18 വർഷം രൂപീകരിച്ച പദ്ധതി ,പ്രാദേശികമായ എതിർപ്പുകൾ മൂലം ഉപേക്ഷിക്കപ്പെട്ടു.പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് 9.9.2017 ൽ കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെടുകയും മുൻകൂറായി 19,58,000 രൂപ കൈമാറുകയുമുണ്ടായി. . തുടർന്ന് മുൻകൂറായി നൽകിയ തുക പലിശ സഹിതം തിരികെ നൽകേണ്ടതാണെന്ന് കാണിച്ച് അസി.എഞ്ചിനീയർ കോസ്റ്റ്ഫോർഡിന് പലവട്ടം കത്ത് നൽകുകയും,പഞ്ചായത്ത് കമ്മിറ്റിയുടെ 17.8.20 ലെ 9(1) തീരുമാനപ്രകാരം പാർട്ട് ബില്ല് പ്രകാരമുള്ള തുക കഴിച്ച് ബാക്കി 1432084 രൂപ തിരികെ അടവാക്കുന്നതിന് 19.8.20 ന് കോസ്റ്റ് ഫോർഡിന് കത്തു നൽകുകയും ചെയ്തു.എങ്കിലും നാളിതുവരെ തുക കോസ്റ്റ് ഫോർഡിൽ നിന്നും ലഭ്യമായിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 21.4.21 ലെ 13(11) നം. തീരുമാനത്തിൽ തുക തിരികെ അടവാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് കളക്ടർക്ക് കത്ത് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.19/22.6.22)

(വിശദാംശങ്ങൾ19-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക1-31ൽഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-57 പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ

കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്.എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ,ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഫയലിൽ ഇല്ല. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | എസ്റ്റിമേറ്റ് ഭരണാനുമതി, സാങ്കേതികാനുമതി, എഗ്രിമെന്റ് | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടത് | പ്രവൃത്തി പൂർത്തീകരിച്ചത്, എം ബുക്ക് പ്രകാരം) എം ബുക്ക് | പിഎസി | കരാറുകാരൻ | ഫൈനൽബിൽ, | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|---|
| 1. SO100/21 മൃഗാശുപത്രി റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ് | 535000 1(1)/3-6-19 26921/31-7-19 4/AE/LSGD /CHNR /19/20 /26-9-19 | 27-9-19 | 26-3-20 (TSപ്രകാരം ആറുമാസം) | 2-6-20 42/19-20 | 423718.2 | അബീബ് റഹ്മാൻ.പി.എം | 1.22000216/ 12-4-20 272174 2.22000412 /30-6-20 25701 | 4237 (1%of 423718.2) |
| 2. SO123/21 പൊതു കിണർ നവീകരണം | 2(1)/18-12-18 59507/20-9-19 41aAE/LSGD /CHNR/19-20 /30-10-19 | 30-10-19 | 29-4-20 (TSപ്രകാരം ആറുമാസം) | 8-1-21 51/20-21 | 1,25000 | പി.എച്ച്. അഷ്റഫ് | 220001086/ 9-3-21 | 3750 (3%of 125000 |
| | | | | | | | ആകെ | 7987 |

കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയ വിവരംഅറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 18/22-6-22)

## 1-58 ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രവൃത്തികൾക്കായി കെ എസ് ഇ ബി യിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ ഈ പ്രവൃത്തികളുടെ ഒന്നുംതന്നെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. തുകകൾ നൽകിയിരിക്കുന്നത് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിനാണ്.

| ക്രമനം | പദ്ധതി നം /പദ്ധതിയുടെ പേര് | ബിൽ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 101/21 ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ | 33/20-21/18.3.21 5/20-21/13.5.20 | 4939 70563 | കരാറിലേർപ്പെട്ടിട്ടില്ല. |
| 2 | 93/21 സ്ട്രീറ്റ് മെയിൻ ലൈൻ നീട്ടൽ | 4/20-21/13.5.20 | 172381 | കരാറിലേർപ്പെട്ടിട്ടില്ല. |
| 3 | 172/21 സി എം എൽ ആർ ആർ പി റോഡ് നിർമ്മാണത്തിനായി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22001073/25.3.21 | 61332 | കരാറിലേർപ്പെട്ടിട്ടില്ല. |

സ . ഉ (കൈ) 11/2018 തസ്വ ഭ വ തിയതി . 29.1.18 ഖണ്ഡിക 11(ഡി) (ii) പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതും തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ മിൻകൂർ തുക നൽകാവൂ എന്നും നിർദ്ദേശിക്കുന്നുണ്ട്. മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചതിനാൽ ചെലവ് തുക 309215 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-59 കെ എസ് ഇ ബി ഡെപ്പോസിറ്റ് - അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

സെക്രട്ടറി നടപ്പിലാക്കിയ സി എം എൽ ആർ ആർ പി റോഡ് നിർമ്മാണത്തിനായി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി (172/21) കെ എസ് ഇ ബി യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 328971 രൂപ വൗച്ചർ നം 22000924/9.2.21പ്രകാരം കൈമാറിയിട്ടുണ്ട്. കെ എസ് ഇ ബി യുടെ 12.4.21 ലെ DB3/2021-22/ES/BBR/ Chowanoor GP/3 ാം നമ്പർ വിനിയോഗ സാക്ഷ്യപത്ര

പ്രകാരം 149665രൂപയാണ് ചെലവ് വന്നിട്ടുള്ളത്. അധികമായി അനുവദിച്ച 179306രൂപ തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി അനുപൂരക പോഷകാഹാരം-അധികം തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ -ഐസിഡിഎസ് സൂപ്പർവൈസർ

പദ്ധതി-S0045/21

പദ്ധതിയുടെ പേര് -അങ്കണവാടി അനുപൂരക പോഷകാഹാരം

അടങ്കൽ- 2000000

ചെലവ്- 1748134

പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി അമൃതം ഫുഡ് സപ്ലിമെന്റ് ,സി എഫ് സി തോളൂർയൂണിറ്റിന്റെ ബിൽ നം. 1378/06.02.21 പ്രകാരം THRS ന കിലോഗ്രാമിന് 70 രൂപക്ക് പകരം 80രൂപ അനുവദിച്ചതിനാൽ (വൗച്ചർ നം.22001111/30.03.21-സെൻട്രൽ ഷെയർ )ഈ ഇനത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിതരണം ചെയ്ത THRS ന്റെ അളവ് - 672കി.ഗ്രാം

അനുവദിക്കാവുന്ന തുക - ( 672*70)+ 672(transportation-Rs.1/KG)

+2386(CGST,SGST-2.5%)=50098

അനുവദിച്ച തുക – 57152 രൂപ

അധികം അനുവദിച്ച തുക 7054രൂപ തിരിക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.1/20.06.22)

### 3-2 പ്രവൃത്തി പൂർത്തീകരണം- കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്.എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ ,ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഫയലിൽ ഇല്ല. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലതാമസത്തിന്പിഴ ഈടാക്കിയിട്ടില്ല .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | എസ്റ്റിമേറ്റ് ഭരണാനുമതി, സാങ്കേതികാനുമതി, എഗ്രിമെന്റ് | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടത് | പ്രവൃത്തി പൂർത്തീകരിച്ചത്, എം ബുക്ക് പ്രകാരം) എം ബുക്ക് | പിഎസി | കരാറുകാരൻ | ഫൈനൽ ബിൽ, | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|---|
| 1. SO100/21 മൃഗാശുപത്രി റോഡ് റീടാറിംഗ്, കോൺക്രീറ്റിംഗ് | 535000<br>1(1)/3-6-19<br>26921/31-7-19<br>4/AE/LSGD/ CHNR /19/20 /26-9-19 | 27-9-19 | 26-3-20 (TSപ്രകാരം ആറുമാസം) | 2-6-20<br>42/19-20 | 423718.2 | അബീബ് റഹ്മാൻ.പി.എം | 1.22000216 /12-4-20<br>272174<br>2.22000412 /30-6-20<br>25701 | 4237 (1%of 423718.2) |
| 2.SO123/21 പൊതു കിണർ | 2(1)/18-12-18<br>59507/20-9-19<br>41aAE/LSGD | 30-10-19 | 29-4-20 (TSപ്രകാരം ആറുമാസം) | 8-1-21<br>51/20-21 | 1,25000 | പി.എച്ച്.അഷ്റഫ് | 220001086 /9-3-21 | 3750 (3%of 125000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നവീകരണം | /CHNR/19-20 /30-10-19 | | | | | | | |
| | | | | | | | ആകെ | 7987 |

കരാറുകാരിൽ നിന്ന് പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 18/22-6-22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ഒഴുക്കുപാറ കുളം നവീകരണം | 200000 (2020-21) | 0 |
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2019-20 | 56240 | പാലിയേറ്റീവ് കെയർ | 56240 (2020-21) | 0 |
| | 2019-20 | 990000 | ചാത്തൻകോട് കാടച്ചാൽ | 990000 (2020-21) | 0 |
| | 2019-20 | 200000 | കിണർ റീചാർജ് | 56000 (2019-20) + 40000 (2020-21) | 104000 |
| | 2020-21 | 990000 | ചാത്തൻകോട് കാടച്ചാൽ (Duplicate Allocation) | 0 | 990000 |
| | 2020-21 | 6111 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ(refund From Keltron) | 0 | 6111 |

പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE LOAN (KURDFC) | G.O(MS) NO.68/2018 DATED 18/05/2018 | 3980000 | 3656470 | 380470 | | 3276000 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | NIL | |
| 3 | ആകെ | 5000 | |

| | | | |
|---|---|---|---|
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | NIL | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51276500 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53974005 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15041 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64820 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7054 | ലളിത.വി പി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | 7987 | സീമ.ടി എസ് , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 15041 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-47 (2) | 17200 | ലളിത വി.പി, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-51 | 47620 | ജോൺ പി.ആർ, സെക്രട്ടറി |
| 1-58 | 309215 | ജോൺ പി.ആർ, സെക്രട്ടറി |
| ആകെ | 374035 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ലളിത വി.പി, ഐ സി ഡി എസ് സൂപ്പർവൈസർ | റിട്ടയേർഡ് | പറങ്ങനാട്ട് വീട്,<br>എളവള്ളി പി.ഒ,<br>ചിറ്റാട്ടുക്കര വഴി,680511 |
| ജോൺ പി.ആർ, സെക്രട്ടറി | സെക്രട്ടറി,പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | പറമ്പൻ വീട്,പി.ആർ പടി,<br>തൈക്കാട്ടുശ്ശേരി പി.ഒ,680306 |
| സീമ.ടി എസ് , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീലക്ഷ്മി നിവാസ്<br>പെരിങ്ങന്നൂർ പി ഒ<br>മുളങ്കുന്നത്ത്കാവ് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1974-75 | എൽ.എഫ്.ടി.10-1899/82/ 02.08.82 |
| 1975-76 | എൽ.എഫ്.ടി. 10-1906/82/ 02.08.82 |
| 1978-79 | എൽ.എഫ്.ടി. 10-1903/82/ 02.08.82 |
| 1979-80 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1980-81 | എൽ.എഫ്.ടി (എസ്2)-785/11/ 20.07.11 |
| 1981-82 | എൽ.എഫ്.ടി. 10-1484/85/ 10.09.85 |
| 1982-83 | എൽ.എഫ്.ടി. 10-1080/87/ 05.01.88 |
| 1984-85 | എൽ.എഫ്.ടി. 10-722/28.03.90 |
| 1985-86 | എൽ.എഫ്.ടി. 10-1791/21.05.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10-659/92/ 13.07.92 |
| 1988-89,89-90 | എൽ.എഫ്.ടി. 10-1587/14.05.93 |
| 1990-91 | എൽ.എഫ്.ടി. 10-1811/94/ 21.08.95 |
| 1991-92 | എൽ.എഫ്.ടി. 10-1544/93/ 18.05.94 |
| 1992-93, 93-94 | എൽ.എഫ്.ടി. 10-735/95/ 08.12.95 |
| 1994-95,95-96 | എൽ.എഫ്.ടി. (എസ്2)-785/11/ 20.07.11 |
| 1996-97(ചെലവ്) | എൽ.എഫ്.ടി. 10-1012/98/ 12.02.99 |
| 1996-97(വരവ്) | എൽ.എഫ്.ടി. 10-480(എ)/03/ 05.09.03 |
| 1997-98 | എൽ.എഫ്.ടി. 10-480/03/ 06.06.03 |
| 1998-99 | എൽ.എഫ്.ടി. 10-2113/06/ 15.05.07 |
| 1999-2000 | എൽ.എഫ്.ടി. 10-2114/06/ 10.04.07 |
| 1999-2000, 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.ടി. 10-1372/03/ 07.01.04 |
| 2000-2001 | എൽ.എഫ്.ടി. 10-2115/10.04.07 |
| 2001-02 | എൽ.എഫ്.ടി. 10-2116/10.04.07 |
| 2002-03 | എൽ.എഫ്.ടി. 10/1270/ 08/07.09.09 |
| 2003-04 | എൽ.എഫ്.ടി. 10-1271/08/ 07.09.09 |
| 2004-05 | എൽ.എഫ്.ടി. 10-2600/08/ 16.04.10 |
| 2005-06 | എൽ.എഫ്.ടി. 10-692/09/ 17.06.10 |
| 2006-07 | എൽ.എഫ്.ടി.10-693/09/ 23.07.10/16.08.10 |
| 2007-08 | എൽ.എഫ്.ടി.10-1148/01.03.11 |
| 2008-09 | എൽ.എഫ്.ടി.10-1149/01.03.11/ 13.10.11 |
| 2009-10 | എൽ.എഫ്.ടി.(പി2)-368/12/ 09.04.12/ 05.04.12,1981-82 മുതൽ 92-93 &93-94 |

| | |
|---|---|
| | വരെ അദാലത്തിൽ മറുപടിയില്ല |
| 2010-11 | എൽ.എഫ്.ടി. (പി2)369/12/ 09.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി. (പി6)/12)33/ 13/08.11.13 |
| 2012-13 | എൽ.എഫ്.ടി. (പി6)/373/14/ 11.08.14/17.09.14 |
| 2013-14 | എൽ.എഫ്.ടി.(പി9)/258/15/07/ 05/2015/ 08.05.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി9)916/2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി9)1731/2016/ 18.11.16/05.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി9)1316/2017/ 23.11.17/30.11.17 |
| 2017-18 | കെ.എസ്.എടി.എസ്.ആർ(പി6)1588 /2018 07.12.18/07.01.19 |
| 2018-19 | കെ.എസ്.എടി.എസ്.ആർ(പി6)1701 /2019 20.01.20 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി2) 878/21/2021 5.7.2021 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്